Mr. P. A. Mohammed Ashroff *(Cranganur)*: I do not move that, Sir.

Mr. President: Then there is a cut motion on this demand from Mr. P. V. Sebastian to criticise the recommendation of the Franchise Committee. Are you moving the cut motion?

Mr. P. V. Sebastian *(Latin Christians Cranganur)*: Yes, Sir.

***Rao Bahadur T. K. Nayar** *(Minister for Home affairs)*: The cut motion can be taken only after the question of admissibility has been considered. In the case of a cut motion there was a ruling that it must be taken up only with regard to a particular demand, *i. e.*, if it was retrenching any of the posts or sources mentioned there or any item of expenditure that alone can be admitted. In this case it is not so. Otherwise the whole policy of the Government can be criticised during the discussion. Here the item of expenditure envisaged is the creation of certain posts in connection with the election.

Mr. President: In the light of the point raised by the Hon'ble Minister, drawing my attention to the previous ruling on the matter, since this is an item of expenditure for a particular purpose, namely for creating certain posts of supervisors and so on, the general policy underlying the Franchise Committee cannot be discussed. Now I am going to put the question on the supplementary grant.

The question is that Government be granted a sum of Rs. 13,044 under 18—Reforms and Elections—B. Elections.

Demand put and carried

vii. 20-Law and Justice—B—(2) District Courts

***Mr. P. Govinda Menon** *(Prime Minister)*: I move that an amount of Rs. 10,766 be granted to Government under 20-Law and Justice—B—(2) District Courts.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Can I be allowed to make a suggestion, Sir.

Mr. President: Yes.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I suggest, Sir, that in as much as we have got very clearly printed notes necessitating the demand the time may be saved by leaving the reasons for the demand to be studied from these notes.

Mr. P. Govinda Menon *(Prime Minister)*: There is a rule to read it. "There is at present an additional District Court attached to the Anjikaimal District Court. The cases instituted in this Court are on the increase and the pendency of cases at the end of 1122 has assumed such proportions that it is not possible for the existing additional Court to clear it off expeditiously. A second additional Court at Anjikaimal has therefore become an imperative necessity. This necessity was conclusively established only towards the close of last year, so much so provision for the same would not be made in 1123 Budget.

There is at present a temporary additional District Court attached to the Trichur District Court. The position of cases at the end of 1122 is found to be such that retention of the term of this Temporary Court is also an absolute necessity. Provision for the continuance of this Court could not be included in 1123 Budget.

Thus for the new second additional Court at Anjikaimal and the existing Temporary Additional Court at Trichur during 1123 an additional expenditure of Rs. 10,766 is necessary as follows.—

		Rs.
Temporary establishment	..	4,643
Duty Allowance	..	294
Dearness Allowance	..	4,829
Office expenditure	..	200
Furniture	..	800
Total	..	10,766

It is not possible to meet the expenditure from savings. Hence the additional allotment.

മിസ്റ്റർ എ. ഇബ്രഹിമേനോൻ: ഒരെട്ടുമാസംമുമ്പ് ചീഫ്കോർട്ടിൽനിന്നും ഒരു മെമ്മോറി യൽ കൊച്ചിമഹാരാജാവു* തിരുമനസ്സിലേക്കും, കൊച്ചിഗവർമ്മെണ്ടിനും അയച്ചിട്ടുണ്ടായി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ങ്ങനെ. ഒരു ഡിസ്ട്രിക്ട് കോർട്ട് ചിറവൂരിൽവെച്ചു കിട്ടിയാൽകൊള്ളാമെന്നും അതിൽ ഉണ്ടായിരുന്നു. അതിനു മറുപടി ഇതുവരെ കിട്ടീട്ടില്ല. എന്നാൽ ഈ മെമ്മോറിയൽ അയച്ചതിനു ശേഷം ഹൈക്കോട്ടിൽനിന്നു ചിറവൂരുനിന്നുള്ള കേസ്സുകളെപ്പറ്റി അന്വേഷിക്കുകയുണ്ടായി. അപ്പോൾ ചിറവൂരിൽ ഇതു കിട്ടുമെന്നാണു വിചാരിച്ചിരുന്നതു്. പക്ഷെ ഇപ്പോൾ ചിറവൂരിന്റെ കാര്യത്തിൽ ഒരു വ്യത്യാസവുമില്ല. ഇതിനെപ്പറ്റി ഇതിനു മുമ്പു ഉണ്ടായിരുന്ന ദിവാൻജിയും പറയുകയുണ്ടായിട്ടുണ്ടു്. ദിവാൻജി അതിനെപ്പറ്റി എന്താണു ഹജൂരിൽ എഴുതി ഇട്ടിട്ടുള്ളതു് എന്നു് എനിക്കു നിശ്ചയമില്ല. ഫിനാൻസ്കമ്മിറ്റിയിൽ അതു് ആലോചിക്കുകയും ഉണ്ടായിട്ടുണ്ടു്. ആ വിവരം ഒന്നറിഞ്ഞാൽകൊള്ളാമെന്നു പറയുകയുണ്ടായി. അതു് ഉണ്ടെങ്കിൽതരണം.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഈ ഡിസ്ട്രിക്ട് കോർട്ടിനു പണം അനുവദിക്കേണ്ട ആവശ്യമില്ല എന്നുവെച്ചല്ല ഞാൻ ചോദിക്കുന്നതു്. ദിവാൻജിമാർ ഓരോകാലത്തു് ഓരോദിക്കിൽനിന്നു വരാറുണ്ടു് എന്നു്വെച്ചു്, അവർ എഴുതീട്ടുള്ളതു മാത്രമാണൊ ഈ വകകാര്യങ്ങളിൽ മാനദണ്ഡം എന്നു് അറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ചിറവൂർക്കാരനായ ഒരു ദിവാൻജിയുള്ള കാലത്തു ചിറവൂരു് പറഞ്ഞു. കൊച്ചിയിൽ ജനകീയ ഭരണമാണെന്നു് വിചാരിച്ചു മുകുന്ദപുരം താലൂക്കുകാർ ഈ ആവശ്യം കൊണ്ടുവന്നിട്ടുണ്ടു്. ഇനി ഒരു ഡിസ്ട്രിക്ടുകോട്ടു് വെക്കുകയാണെങ്കിൽ അതിന്നാവശ്യം മുകുന്ദപുരം താലൂക്കിൽ ഇരിങ്ങാലക്കുടയിലാണെന്നു ഞാൻ വിചാരിക്കുന്നു. ഞങ്ങൾക്കു് അവിടെ ഈ കോടതി വെച്ചുകിട്ടണമെന്നുള്ളതാണു് ആവശ്യം. എവിടെയാണു കേസ്സുകൾ ധാരാളമായി ബാക്കിവരുന്നതെന്നു് പരിശോധിച്ചു് അങ്ങിനെയുള്ള സ്ഥലങ്ങളിൽ, ജനങ്ങൾക്കു നീതിന്യായം സിദ്ധിക്കത്തക്ക വിധത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിലാണു് ഈ കോടതി സ്ഥാപിക്കേണ്ടതു്. കോളേജിന്റെ കാര്യത്തിൽ ചിറവൂരു്വേണമെന്നു് അവർ വാദിച്ചു. അതു കിട്ടിക്കഴിഞ്ഞു. മറ്റുകാര്യങ്ങളിലെങ്കിലും അത്തരത്തിൽ വരാതെകഴിഞ്ഞാൽകൊള്ളാം. ന്യായംചെയ്യേണമെന്നതാണാവശ്യം. ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പരും എന്നോടു യോജിക്കും.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ കാര്യത്തിൽ ഫ ഫ ഫ-ൽ ആണെന്നതോന്നുന്നു, മുകുന്ദപുരം താലൂക്കുകാർ ഈ ഡിസ്ട്രിക്ടു് കോടതി എറണാകുളത്തുനിന്നും മുകുന്ദപുരം താലൂക്കിന്റെ തലസ്ഥാനമായ ഇരിങ്ങാലക്കുടക്കു മാറിക്കിട്ടണമെന്നു് ഒരപേക്ഷ കൊടുക്കുകയുണ്ടായിട്ടുണ്ടു്. മുന്നു കോടതികൾ വെയ്ക്കുകയാണെങ്കിൽ, ഒന്നു കൊച്ചിരാജ്യത്തിന്റെ മദ്ധ്യസ്ഥാനത്തു് ഉണ്ടായിരിക്കേണ്ടതാണെന്നു് അന്നത്തെ ദിവാൻജി അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ടു്. പക്ഷെ ഹൈക്കോർട്ടു് ഇതിനെപ്പറ്റി ആലോചിച്ചതിൽ, തല്ക്കാലം അതു് നിർത്തിവെയ്ക്കുകയാണുണ്ടായതു്. ഇനി ഇതിനെപ്പറ്റി പറയുകയാണെങ്കിൽ മൂന്നാമതു് ഒരു അഡീഷണൽ കോർട്ടു വെയ്ക്കുകയാണെങ്കിൽ അതു കൊച്ചിയുടെ മദ്ധ്യപ്രദേശമായ ഇരിങ്ങാലക്കുടയിൽ വെയ്ക്കണമെന്ന ഒരു നിർദ്ദേശമാണു് എനിക്കു് തരുവാനുള്ളതു്.

മിസ്റ്റർ സി. എസ്സു്. പണിക്കർ: ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നതു്, മുകുന്ദപുരംതാലൂക്കിൽ ഒരു ഡിസ്ട്രിക്ടുകോർട്ടു വേണമെന്നുള്ള തത്വത്തെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നുദ്ദേശിച്ചാണു്. കോട്ട്സംബന്ധമായി വലിയ പരിചയമൊന്നുമില്ലെങ്കിലും, പൊതുജനങ്ങൾക്കു് നേരിടുന്ന വിഷമതകൾ അറിയുന്നതുകൊണ്ടു മുകുന്ദപുരംതാലൂക്കിലെ ജനങ്ങൾക്കു ഇപ്രകാരമുള്ള ഒരു കോട്ടിന്റെ അഭാവംമൂലം വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ടെന്നു് എനിക്കറിയാം. നിലവിലുള്ള കേസ്സുകളുടെ എണ്ണത്തെക്കുറിച്ചാലോചിച്ചാൽ, ചിറവൂരു് ഒരു കോട്ടുവെയ്ക്കുന്നതും, മുകുന്ദപുരംതാലൂക്കിൽ ഒരു കോട്ടുവെയ്ക്കുന്നതും, ആവശ്യവും, അത്യാവശ്യവുംതമ്മിലുള്ള വ്യത്യാസംപോലെയാണെന്നുള്ളതു് സ്ഥിതിവിവരകണക്കുകൊണ്ടു തെളിയിക്കാൻ സാധിക്കുന്നതാണു്. ചിറവൂരിലും ഇപ്രകാരം ഒരു കോട്ടു് വേണമെങ്കിൽ ആകാം. മറ്റെവിടെയെങ്കിലും സ്ഥാപിക്കുന്നതായാലും ഞങ്ങളാരും എതിരല്ല. പക്ഷെ കോട്ടു് പരിമിതമായിട്ടുള്ള എണ്ണമാണെങ്കിൽ ആ കോട്ടുകൊണ്ടു കക്ഷികൾക്കു കൂടുതൽ ഉപകാരമാണു് ഉണ്ടാകേണ്ടതു് എന്നുണ്ടെങ്കിൽ, അതു് തീച്ചയായിട്ടും മുകുന്ദപുരംതാലൂക്കിലാണു് വേണ്ടതെന്നാണു് ഞാൻ പറയുന്നതു്. ആ ഒരു നിലവെച്ചുകൊണ്ടു് മാത്രം ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: എനിയ്ക്കു ഇതിനെക്കുറിച്ചു രണ്ടുവാക്കുപറയാനുണ്ടു്. ആദ്യം തൃശ്ശിവപേരൂരും എറണാകുളത്തും രണ്ടു് ഡിസ്ട്രിക്ടുകോടതികൾ തുടങ്ങി. പിന്നെ എറണാകുളത്തു് ഒരു അഡീഷണൽ കോട്ടും, തൃശ്ശിവപേരൂർ ഒരു ടെമ്പററി

LIBRARY ARCHIVES Kerala Legislative Assembly

[Mr P. A. Muhamed Ashroff]

അഡീഷണൽകോട്ടം തുടങ്ങി. ഇനി ഒരു രണ്ടാം അഡീഷണൽകോട്ട് സ്ഥാപിക്കുകയാണെങ്കിൽ അതു് എറണാകുളത്തു വേണോ എന്നു് സംശയമുണ്ടു്. എങ്കിലും ഇതിനെക്കുറിച്ചു് expert opinion ഹൈക്കോട്ടാണു് പറയാനുള്ളതു് എന്നുള്ളതുകൊണ്ടു് അതിനെക്കുറിച്ചു കൂടുതൽ ഞാൻ പറയുന്നില്ല. യുദ്ധംതുടങ്ങി, പണത്തിനുള്ള ക്ഷാമം ഇല്ലാതായതിനുശേഷം യഥാർത്ഥത്തിൽ കേസ്സുകളുടെ എണ്ണം വളരെ കുറവാണു്. അതു് ഫൈൽ എടുത്തുനോക്കിയാൽ അറിയാൻ സാധിക്കുമെന്നാണു് എനിക്കുള്ള ബോദ്ധ്യം. എങ്കിലും കോടതി വേണം എന്നു് ഹൈക്കോട്ടിൽനിന്നും പറയുന്നപക്ഷം അതിനെക്കുറിച്ചു് മറിച്ചൊരഭിപ്രായം പുറപ്പെടുവിക്കുവാൻ എനിക്കു കഴിവില്ല. അങ്ങിനെ ഒരു കോട്ടു് സ്ഥാപിക്കുന്നപക്ഷം പൊതുവെ ജനങ്ങൾക്കു്, പ്രത്യേകമായി കൊടുങ്ങല്ലൂർ, മുകുന്ദപുരം, എന്നീ താലൂക്കുകളിലെ ജനങ്ങൾക്കു കൂടുതൽ ഉപകാരപ്രദമാകത്തക്കവിധത്തിൽ, ആയതു് ഇരിങ്ങാലക്കുടയിൽ സ്ഥാപിക്കണമെന്നുള്ളതാണു് എന്റെ അഭിപ്രായം. വാസ്തവം പറയുകയാണെങ്കിൽ ഇരിങ്ങാലക്കുടയിൽനിന്നും എറണാകുളത്തേക്കു് വരുന്നതിനേക്കാൾ എളുപ്പം തൃശ്ശൂക്കു്പോകാനാണു്. എന്നാൽ ഇരിങ്ങാലക്കുടയുംമറ്റും ഈ Jurisdiction-ൽപെട്ടതായതുകൊണ്ടു് എറണാകുളത്തു വരാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഈ കൂടുതൽ സ്ഥാപിക്കുന്ന കോടതി ഇരിങ്ങാലക്കുടയിൽ സ്ഥാപിച്ചാൽ പൊതുജനങ്ങൾക്കു വളരെ പണച്ചിലവും, ബുദ്ധിമുട്ടും കുറയുമെന്നാണു് എനിക്കു പറയാനുള്ളതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ബഹുമാനപ്പെട്ട ചിറ്റൂർമെമ്പർ ഒരു കോടതി ചിറ്റൂർതാലൂക്കിലേക്കു വേണമെന്നു് പറഞ്ഞതു് വളരെ പരമാർത്ഥമായ കാര്യമാണു്. എന്നാൽ ചിറ്റൂർതാലൂക്കിലേക്കു വേണ്ടതു് ഒരു ഡിസ്ട്രിക്ടുകോട്ടല്ല. ഒരു സെഷ്യൻസ്കോടതി അവിടെ അത്യന്താപേക്ഷിതമാണു്. കൊച്ചിരാജ്യത്തു് കൂടുതലായി murder കേസുകൾ ഉണ്ടാകുന്നതു് മുഴുവൻ ചിറ്റൂർതാലൂക്കിൽനിന്നാണു്. ഇനി മുകുന്ദപുരംതാലൂക്കിനെപ്പറ്റി പറയുകയാണെങ്കിൽ കൊച്ചിരാജ്യത്തിലെ എല്ലാ താലൂക്കുകളിലുംവെച്ചു് വലിയ താലൂക്കാണു് മുകുന്ദപുരം താലൂക്കു്. [illegible] അവിടെ ഒരു കോടതി വെയ്ക്കാൻ ആലോചന ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട എന്റെ ഇരിങ്ങാലക്കുട മെമ്പർക്കു് അങ്ങോട്ടു് മാറ്റംകിട്ടാൻ പറ്റിയവിധത്തിൽ ഒരു ആലോചനയുണ്ടായിരുന്നു. നിർഭാഗ്യവശാൽ അതുണ്ടായില്ല. ഇപ്പോൾ മുകുന്ദപുരംതാലൂക്കിലേക്കു് ഒരു ഡിസ്ട്രിക്ടുകോടതി അത്യന്താപേക്ഷിതമാണെന്നുള്ള മെമ്മോറിയലുകൾ ആ രാജ്യക്കാരിൽനിന്നു ഗവൺമെണ്ടിലേക്കു കിട്ടിട്ടുണ്ടു്. എന്നിട്ടും ഗവൺമെണ്ടു് ആ കാര്യത്തിൽ കണ്ണുതുറന്നു മനസ്സുവെയ്ക്കാനൊന്നും നോക്കാനൊങ്കിലും മനസ്സുവെയ്ക്കാൻ തുടങ്ങീട്ടില്ല. അഞ്ചിക്കയ്യും ജില്ലാകോടതിയിൽ വളരെ അധികം കേസുകൾ ബാക്കിയുണ്ടെന്നു് അടുത്ത അവസരത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. കേസ്സുകൾ വളരെ കുറവാണെന്നു് എന്റെ മാന്യസ്നേഹിതൻ പറഞ്ഞതു് ശരിയാണെന്നു് സമ്മതിക്കുവാൻ നിവൃത്തിയില്ല. ഒരുപക്ഷെ അദ്ദേഹത്തിനു് കേസ്സു് കുറഞ്ഞുകുറഞ്ഞു വരുന്നു എന്നായിരിക്കാം പറയുന്നതു്. അതു് വിചാരിച്ചിട്ടും കോടതിയിൽ കുറവായിട്ടല്ല വന്നിട്ടുള്ളതു്. മുന്നാലുകൊല്ലങ്ങളായിട്ടുള്ള arrears കോടതിയിൽ ഉണ്ടെന്നു് പറഞ്ഞുകേൾക്കയുണ്ടായി. ഇതെല്ലാം തീർക്കാൻ additional judgeനെ വെയ്ക്കണ്ടേ; എല്ലാം ഞാൻതന്നെതീർത്തുകൊള്ളാം; ആ ശമ്പളവുംകൂടി എനിയ്ക്കുതന്നെ തന്നാൽമതി എന്നു് പറഞ്ഞ ഒരാൾ ഉണ്ടായിരുന്നു. എന്നാൽ അതു് തീർക്കാൻ സാധിച്ചിട്ടുമില്ല. അതാണു് ഈ കേസുകൾ ബാക്കിവരുവാൻ കാരണമെന്നാണു് അന്വേഷണത്തിൽ മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. അധികം കേസ്സുകളും ബാക്കിവന്നിട്ടുള്ളതു് മുകുന്ദപുരം താലൂക്കിൽനിന്നുള്ളതാണു്. അവിടെനിന്നും കേസ്സുനടത്തുവാനായി ഇവിടെ വന്നാൽ, സമയത്തിനു് ഹോട്ടലിൽ ചെന്നില്ലെങ്കിൽ, തുലാസ്സുപിടിച്ചു് ചോറുകൊടുക്കുന്ന ഇക്കാലത്തു ജനങ്ങൾക്കു് ഇവിടെ ചോറുകിട്ടുകയില്ല. സമയത്തിനു്, ചോറിനുവേണ്ടി കാക്കാതെ, കോടതിയിൽ ചെന്നില്ലെങ്കിൽ, കക്ഷിയില്ല എന്നുപറഞ്ഞു് കേസ്സു് തള്ളിപ്പോകാനും എളുപ്പമുണ്ടു്. ഇങ്ങിനെ പലവിധ കഷ്ടനഷ്ടങ്ങളും കക്ഷികൾക്കു് നേരിട്ടുകൊണ്ടിരിക്കുന്നതിനെ ഓർക്കുമ്പോൾ, ഏതുവിധത്തിൽ നോക്കിയാലും, മുകുന്ദപുരംതാലൂക്കിൽ ഒരു ഡിസ്ട്രിക്ടുകോട്ടു് സ്ഥാപിക്കാൻ അനുവദിക്കണമെന്നാണു് എന്റെ അപേക്ഷയുള്ളതു്. ഈ കാര്യത്തിൽ ഒരു സംഗതി എനിക്കറിയാനുള്ളതു്, അഡീഷണൽ ജഡ്ജിയായി ഒരാളെവെയ്ക്കണമെന്നു് പറയുന്നുണ്ടല്ലൊ; പോരെകോടതിവെയ്ക്കയാണെങ്കിൽ വളരെ establishment ഒക്കെവേണ്ടി വരുന്നതുകൊണ്ടും, വലിയ സംഖ്യ ചിലവു ചെയ്യേണ്ടതായി വന്നേക്കാമെന്നു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ള്ളതുകൊണ്ടും ഇപ്പോൾ ഉള്ളകോടതിയിൽ തന്നെ ഒരു additional Judge നെ വെയ്ക്കുവാനാണ് ഈ പണം ആവശ്യപ്പെടുന്നതു് എങ്കിൽ, അങ്ങിനെ അഡീഷ്ണൽ ജഡ്ജിയായി വെയ്ക്കാൻ തീച്ചയാക്കികഴിഞ്ഞ ആളേയും കൂടി കിട്ടികഴിഞ്ഞുവൊ എന്നുള്ളതാണ്. അതെയാണ് വെയ്ക്കാൻ തീച്ചയാക്കിയിട്ടുള്ളതു് എന്നേ ഒന്നറിയേണ്ടതുള്ളൂ. അതു് ഒന്നുപറഞ്ഞുതരണമെന്നും, മുകുന്ദപുരം താലൂക്കിലെ കായ്യം ഒരിക്കലും വിസ്മരിക്കാതിക്കണമെന്നും, ഒരു ഡിസ്ട്രിക്ട് കോടതി മുകുന്ദപുരം താലൂക്കിൽ സ്ഥാപിക്കാനുള്ള വക വരുന്നകൊല്ലത്തെ ബഡ്ജറിലെങ്കിലും കൊള്ളിക്കണമെന്നും ഉള്ള അപേക്ഷയോടുകൂടി ഞാൻ വിരമിക്കുന്നു.

*മിസ്റ്റർ പി. നാരായണമേനോൻ: സർ, ഒരു അഡീഷ്ണൽ ഡിസ്ട്രിക്ട്കോട്ട് വേണമെന്നുള്ളതു തീരുമാനിച്ചിട്ടുണ്ട്. ഇനി അതു് എവിടെയാണു സ്ഥാപിക്കേണ്ടതെന്നുള്ള കായ്യത്തിലാണ് സംശയം. ഡിസ്ട്രിക്ട് കോട്ട് എന്നുള്ളതായ പേരുള്ളതുകൊണ്ട് ഓരോ ഡിസ്ട്രിക്ടിന്നും ഓരോ കോട്ടുണ്ടെന്നുള്ളതായ അർത്ഥത്തിലാണ് അതിനെ വിവക്ഷിക്കുക. അതുകൊണ്ടാണു ഡിസ്ട്രിക്ട് കോട്ട് എന്നുള്ള പേരുണ്ടായതു്. നിർഭാഗ്യവശാൽ നമ്മുടെ കൊച്ചി രാജ്യത്തിൽ ഡിസ്ട്രിക്ട് ഇല്ല. ഉണ്ടായിരുന്നുവെങ്കിൽ നമുക്ക് എവിടെയൊക്കെ ഡിസ്ട്രിക്ട് ഉണ്ടൊ അവിടെയൊക്കെ ഡിസ്ട്രിക്ട് കോടതിയും ഉണ്ടാകുമായിരുന്നു. നമുക്ക് ആറു താലൂക്കാണ് ആകെയുള്ളതു്. അഡീഷ്ണൽ കോടതി ആകെ രണ്ടെണ്ണമേ ആവശ്യമുള്ളൂതാനും. ഇനി രണ്ടെണ്ണവും കൂടിവെക്കുകയാണെങ്കിൽ നമുക്കുള്ള ആറു താലൂക്കുകൾക്കും കൂടി ആറു കോടതികളുണ്ടാകും. അപ്പോൾ ഓരോ താലൂക്കിലും ഓരോ കോടതിവീതം ഉണ്ടാകും. എന്നാൽ ഓരോ താലൂക്കിലും ഒരോഡിസ്ട്രിക്ട് കോടതി വീതം സ്ഥാപിക്കേണ്ടതായ ആവശ്യവും കാണുന്നില്ല. അതിനുള്ള കാരണം മലബാർ ഡിസ്ട്രിക്ടിന്റെ ഏതാണ്ടൊരു താലൂക്കിനോളം മാത്രമെ കൊച്ചിരാജ്യത്തിന്നു വലുപ്പമുള്ളതായി കാണുന്നുള്ളൂ. എന്നാൽ ഇതു കൂടാതെ കഴിക്കുവാൻ സാധിക്കുമോയെന്നു് നോക്കാമായിരുന്നു. പക്ഷെ, അതിന്നു നിവൃത്തിയില്ല. കാരണം കേസ്സുകൾ പെൻറിംഗായിട്ടു് കിടപ്പുണ്ടെന്നാണു് പറയുന്നതു്. നമ്മുടെ നാട്ടിൽ നാലു കോടതികൾ അശ്രാന്തം പരിശ്രമിച്ചിട്ടും കേസ്സുകൾ മുഴുവൻ എന്നാൽ അവസാനിപ്പിക്കുവാൻ സാധിക്കുന്നില്ല. ഇതിന്റെ എത്രയോ വലുപ്പമുള്ള മലബാർ ജില്ലയിലും, തിരുവിതാംകൂറിലും ഇത്രയധികം കേസ്സുകൾ വളർക്കുന്നതായിട്ടും കാണുന്നില്ല. ഇതു് കൊച്ചിരാജ്യത്തുള്ള ആളുകൾക്ക തന്നെ വളരെ പോരായ്മയാണു്. ഇവർ ഇത്രയധികം വ്യവഹാരപ്രിയന്മാരാണോയെന്നു് പുറമെയുള്ള ആളുകളുടെയിടയിൽ ഒരു സംശയം ഉണ്ടാകുവാൻ ഇടയുണ്ടു്. നമ്മുടെ നാട്ടിൽ ഇപ്പോൾ വില്ലേജു കോടതികൾ ധാരാളമുണ്ടു്. അതിന്നും പുറമെയാണു് മുൻസിഫ് കോടതി. അതിന്നും പുറമെയാണു ഡിസ്ട്രിക്ട് കോടതി. കേസ്സുകൾ വളർക്കാതിരിക്കുവാൻ വേണ്ടി വില്ലേജുകോടതികളുടെ സല ഫ ൦ ൦ക. യാക്കുക. അതുപോലെ മുൻസിഫ്കോടതിയുടേയും സല വളർപ്പിച്ചുക്കുക. ഇങ്ങിനെ ചെയ്യുകയാണെങ്കിൽ ഡിസ്ട്രിക്ട്കോട്ടിൽ വരുന്ന കേസ്സുകളുടെ സൂട്ടിന്റെ സംഖ്യ കുറയ്ക്കുവാൻ സാധിക്കും. ഏതായാലും വില്ലേജുകോടതികൾക്ക് വേണ്ടി കുറെ അധികം പണം ഗവണ്മെണ്ടു ചിലവിടുന്നുണ്ടു്. അതിന്റെ സല ഇപ്പോൾ ൪ ൦ക. എന്നുള്ളതു് ഫ ൦ ൦ക. യാക്കുകയാണെങ്കിൽ മുൻസിഫ്കോടതിയിൽ കേസ്സുകൾ കുറയുമെന്നുള്ളതിന്നു് സംശയമില്ല. അങ്ങിനെ സല കൂട്ടുകയാണെങ്കിൽ ഡിസ്ട്രിക്ട്കോട്ടിൽ വരുന്ന ഒർജിനൽ സൂട്ട്സിന്റെ സംഖ്യ കുറയും. അങ്ങിനെയാണെങ്കിൽ ഇപ്പോൾ ആവശ്യമായിരിക്കുന്ന അഡീഷ്ണൽ ഡിസ്ട്രിക്ട് കോടതികളുടെ ആവശ്യം ഉണ്ടാവുകയില്ലെന്നുള്ളതു് തീച്ചയാണു്. ഇനി ഈ കോടതി തല്ക്കാലം സ്ഥാപിക്കുകയാണെങ്കിൽ അതു് എവിടെയാണു സ്ഥാപിക്കേണ്ടതെന്നു് പറയുവാൻ ഞാൻ ഒരുക്കമില്ല. അതിനെപ്പറ്റി എന്റെ അഭിപ്രായംചോദിക്കുകയാണെങ്കിൽ അതു തലസ്ഥാനത്താണു് വേണ്ടതെന്നു് പറയാം. ഇപ്പോൾ മൂന്നു കോടതികൾ വക്കു ചെയ്യുന്നുണ്ടു്. ഈ വ്യവഹാരങ്ങൾ മുഴുവനും കൊച്ചികണയന്നൂർ താലൂക്കിൽ നിന്നാണു പുറപ്പെടുന്നതു്. കൊച്ചികണയന്നൂർ താലൂക്കിലുള്ളവരെല്ലാം വ്യവഹാരപ്രിയന്മാരാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മറവശങ്ങളിലുള്ളവക്കു് കോടതി വേണ്ടയോ?

മിസ്റ്റർ പി. നാരായണമേനോൻ: മുകുന്ദപുരം താലൂക്കിലുള്ളവക്കു് കേസ്സുകൾ കൂടുതലുണ്ടെന്നു് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. പക്ഷെ നിങ്ങളുടെ വ്യവഹാരം മുഴുവനും കൊച്ചികണയന്നൂർതാലൂക്കിലാണു നടത്തുന്നതെന്നുണ്ടെങ്കിൽ അതിന്റെ പേരു്

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr P. Narayana Menon]

മുഴുവനും ഞങ്ങൾക്കാണു്. അതുകൊണ്ടു് ഈ കോടതി ഇവിടെ സ്ഥാപിക്കരുതു് എന്നു പറഞ്ഞുകൊണ്ടു ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, രണ്ടാമതൊരു അഡീഷണൽ ജഡ്ജിയെ—കോടതിയെന്നുള്ള വാക്കു് ഉപയോഗിക്കുന്നുണ്ടെങ്കിലും—വെക്കുവാനാണു് ഈ സഭ മുമ്പാകെ പണത്തിനു് ആവശ്യപ്പെടുന്നതു്. കോടതിവെക്കുവാനല്ല. കോടതിയെന്ന കാര്യം അവ്യക്തമായിട്ടു് ഉപയോഗിച്ചിട്ടുണ്ടെങ്കിലും രണ്ടാമത്തെ ജഡ്ജി വേണമെന്നുള്ളതാണു് ആവശ്യം. അതിനു പണം വേണമെന്നുള്ളതാണു് ഈ സഭ മുമ്പാകെ അപേക്ഷ വന്നിരിക്കുന്നതു്. ചിറ്റൂരിൽ സർക്കാർ സ്ഥാപനങ്ങൾ വളരെ കുറവാണു്. ആ കാര്യത്തിൽ കഴിയുന്നേടത്തോളം ഗവൺമെണ്ടു് ശ്രദ്ധ ചെലുത്തുകയുണ്ടായി. ഈ വിഷയത്തെക്കുറിച്ചു ബഹുമാനപ്പെട്ട ചിറ്റൂർ മെമ്പർ മിസ്റ്റർ ഈച്ചരമേനോൻ ഈ നിയമസഭയിൽ പലപ്പോഴും പറയാറുണ്ടു്. ആ കാര്യത്തിലൊക്കെ ഗവൺമെണ്ടു് ആലോചിച്ചിട്ടുണ്ടു്. അതിന്റെ ഫലമായിട്ടു് ചിറ്റൂരിൽ ഇപ്പോൾ ഒരു കോളേജു് പുതിയതായിട്ടു തുറന്നിട്ടുണ്ടു്. അതുതന്നെ ചിറ്റൂർക്കാരുടെ ആവശ്യത്തിനുള്ള ആവലാതിയനുസരിച്ചു ചെയ്തിട്ടുള്ളതാണു്. ചിറ്റൂരിൽ ഇനി ഒരു ജില്ലാക്കോടതിയുംകൂടി വേണമെന്നാണു മിസ്റ്റർ ഈച്ചരമേനോൻ ഈ സഭ മുമ്പാകെ ഉൽബോധിപ്പിച്ചതു്. അതും ആലോചിക്കുകയില്ലെന്നു പറയുന്നില്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: തലപ്പിള്ളി താലൂക്കിലാണു് ഒരു ഡിസ്ട്രിക്ടു് കോടതിയുടെ അത്യാവശ്യമുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മുകുന്ദപുരം താലൂക്കിൽ ഒരു ജില്ലാക്കോടതി വേണമെന്നു മുകുന്ദപുരം താലൂക്കിലെ മൂന്നാലു മെമ്പർമാർ ഇവിടെ ആവശ്യപ്പെടുകയുണ്ടായി. അതെയവസരത്തിൽ മിസ്റ്റർ ബാലകൃഷ്ണമേനോൻ തലപ്പിള്ളി താലൂക്കിൽ ഒരു ഡിസ്ട്രിക്ടു് കോടതി വേണമെന്നു് ആവശ്യപ്പെടുന്നു. കൊച്ചീരാജ്യം സിവിൽ കോടതി ആക്ടു്പ്രകാരം രണ്ടു ഡിസ്ട്രിക്ടു് ആയിട്ടു തിരിച്ചിരിക്കുകയാണു്. അഞ്ചിക്കയ്യും ഡിസ്ട്രിക്ടു് എന്നും, തൃശ്ശൂർ ഡിസ്ട്രിക്ടു് എന്നും സിവിൽ കോട്ടു് ആക്ടുപ്രകാരം വിഭജിച്ചിട്ടുണ്ടു്. ഈ രണ്ടിടക്കിലും സ്റ്റാറ്റ്യൂട്ടറിയായിട്ടു കോടതികളുണ്ടു്. ഈ കോടതികളിൽ കേസ്സുകൾ ബാക്കിവരുന്ന അവസരത്തിൽ ഒരു അഡീഷണൽ ജഡ്ജിയെ നിയമിക്കുകയാണു് പതിവു്. അപ്പോൾ പെർമനൻറായിട്ടു് ഒരു അഡീഷണൽ ജഡ്ജി കൊച്ചിൻ സ്റ്റേറ്റിൽ ഉണ്ടു്. അതാതുകാലത്തെ ആവശ്യമനുസരിച്ചു് അദ്ദേഹം തൃശ്ശൂരോ എറണാകുളത്തോ വക്കുചെയ്യും. ഇപ്പോൾ അഞ്ചിക്കയ്യും ഡിസ്ട്രിക്ടു് കോട്ടിൽ ഒരു ജഡ്ജിയുണ്ടു്. അവിടെ കുറെ കേസ്സുകൾ ബാക്കി വന്നിട്ടുണ്ടു്. വളരെയധികം പഴക്കമുള്ള ആ കേസ്സുകൾ ഇല്ലാതെയാക്കുവാൻവേണ്ടി, പത്തോ പന്ത്രണ്ടോ മാസകാലത്തേക്കു് ഒരാളെ ഈ കോടതിയിലേക്കു നിയമിക്കണം. അല്ലാതെ ഒരു കോട്ടു് പുതിയതായിട്ടു ഉണ്ടാകുവാൻ പോകുന്നില്ല. ഈ വശം ബഹുമാനപ്പെട്ട സഭ മനസ്സിലാക്കുമെന്നുണ്ടെങ്കിൽ വളരെ നന്നായിരിക്കും. ഒരു ജഡ്ജിയെ വെക്കുന്നതും അതിനുള്ള ഒരു കോടതിയുണ്ടാക്കുന്നതും അഞ്ചിക്കയ്യും ഡിസ്ട്രിക്ടിൽ അധികം വരുന്ന കേസ്സുകൾ തീർക്കുന്നതിനുവേണ്ടിയാണു്. ഒരു ജഡ്ജിയെ അഞ്ചിക്കയ്യും കോട്ടിലല്ലാതെ വെക്കുവാനും നിവൃത്തിയില്ല. തലപ്പിള്ളി താലൂക്കിലോ മുകുന്ദപുരം താലൂക്കിലോ വേണമെന്നുള്ള കാര്യം വ്യത്യസ്തമാണു്. ഇതു ചിറ്റൂരിലും ആകുവാൻ പാടില്ല. ചിറ്റൂരിൽ കോടതി വേണ്ടായെന്നല്ല പറയുന്നതു്. ഈ കാര്യത്തിലുള്ള വാദപ്രതിവാദത്തിൽ എനിക്കു പറയുവാനുള്ളതു് ഈ അഡീഷണൽ ജഡ്ജിയെ, പുതിയതായിട്ടു് ഒരു ജഡ്ജിയെ നിയമിക്കുന്നതു് വേറെ എവിടേങ്കിലുമായാലും മതിയെന്നു വിചാരിക്കുന്നതും തെറ്റാണു്. ഡിസ്ട്രിക്ടു് കോടതിയിൽ കേസ്സെടുക്കുന്നതു രണ്ടായിരം ഉറുപ്പികയിൽ കൂടുതൽ സലയുള്ളതും, സർക്കാരിന്റെ പേരിലുള്ളതും, സർക്കാരിനു് ഇൻഫ്ലുവൻസുള്ളതുമായ കേസ്സുകൾ ആണു്. ഇനി മൂന്നാമത്തെ ഒരു ഡിസ്ട്രിക്ടു് കോട്ടു് തലപ്പിള്ളി താലൂക്കിലോ ഇരിങ്ങാലക്കുടയിലോ വരികയാണെങ്കിൽ കേവലം ഒരു ജഡ്ജിയും ഒരു ബഞ്ചുക്ലാർക്കും മാത്രം മതിയെന്നു വിചാരിച്ചാൽ പോരാ. അങ്ങിനെ വേണമെന്നുണ്ടെങ്കിൽ ചുരുക്കത്തിൽ ഒരു ഡിസ്ട്രിക്ടു് കോടതിക്കു വേണ്ടതായ സകലവിധചടങ്ങുകളും പുതിയതായിട്ടു് ഉണ്ടാക്കേണ്ടിവരും. അതിനു വളരെ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

അധികം ചിലവു വേണ്ടിവരും. ഇപ്പോൾ എല്ലാ താലൂക്കുകളിലും മുൻസിഫ് കോടതികളുണ്ട്. ഇതിനും പുറമെ എല്ലാ താലൂക്കുകളിലും ഓരോ സിസ്റ്റിക്ട് കോടതി സ്ഥാപിക്കുകയെന്നുള്ളതു് സാദ്ധ്യമല്ല.

Mr. K. Balakrishna Menon *(Cheruthuruthy):* May I make a suggestion, Sir. In regard to the pecuniary jurisdiction of the Munsiff's Court suppose you increase it, would it not be a remedy on the lines suggested by the Hon'ble Member?

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: Yes, I understand it. സർ, അഞ്ചിക്കയും ഡിസ്ട്രിക്ട് കോട്ടിൽ പുതിയതായിട്ട് ഒരു അഡീഷണൽ ജഡ്ജി വേണമെന്നാണ് പറയുന്നതു്. ഇതു ശാശ്വതമല്ല. ഇനിയത്തെ കൊല്ലംവരെ വേണമെങ്കിൽ ഒരു ജഡ്ജി മാത്രമേ ഉണ്ടാവുകയുള്ളുവെന്നുവരാം. ഈ നിലക്ക് ശാശ്വതമായൊരു ഡിസ്ട്രിക്ട് കോടതി ഉണ്ടാക്കണ്ടതായ കാര്യം ഇപ്പോൾ ആലോചിക്കേണ്ട സന്ദർഭമില്ല. ബഹുമാനപ്പെട്ട തുപ്പുണിത്തുറ മെമ്പറും പെരുതുരുത്തി മെമ്പറും ഇവിടെ ചില അഭിപ്രായങ്ങളും പറയുകയുണ്ടായി. അതിൽവിള്ളേജ് കോടതികളിൽ 100 രൂ. വരെയുള്ള കേസ്സുകളും എടുക്കുന്നതു 200 രൂ. യോ മറ്റോ ആയിട്ടു കൂട്ടുക. അങ്ങിനെ കൂട്ടിയാൽ മുൻസിഫ് കോടതിയിലെ വക്കു ലഘുവാകും. അപ്പോൾ മുൻസിഫ് കോടതിയിൽ കേസ്സുകളും കുറയും. അപ്പോൾ ഡിസ്ട്രിക്ട് കോടതിയിൽ രണ്ടായിരം ഉറുപ്പികവരെയെന്നുള്ളതു് കുറച്ചുകൂടി കൂട്ടുവാൻ സാധിക്കും. അതാണ് ഒരു സജഷൻ. അതിനെപ്പറ്റി ഗവമ്മെണ്ടിനു് പരിശോധിക്കുകയും ഗാഢമായിട്ട് ആലോചിക്കുകയും ചെയ്യാം. അതുകൊണ്ടു ബഹുമാനപ്പെട്ട ചിറവൂർ മെമ്പറും മറ്റു മെമ്പർമാരും കോടതിയുടെ സ്ഥാനം എവിടെയാണു് വേണ്ടതെന്നുള്ളതിനെക്കുറിച്ചു വാദിച്ചിട്ടുള്ളതു് ഇപ്പോൾ ആലോചിക്കേണ്ടതായ വിഷയമല്ലെന്നും അങ്ങിനെ പുതിയ ഒരു കോടതി ഉണ്ടാക്കേണ്ടതായ കാര്യം ഈ സഭയുടെ ആലോചനയിലില്ലെന്നും ഞാൻ ഈ സഭയെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. അതുകൊണ്ടു് ഈ ഉപക്ഷേപം പിൻവലിക്കുവാൻ അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ. എ. ഈച്ചരമേനോൻ: സർ, ഞങ്ങൾക്കു് ഒരു കോടതി തരേണ്ടതായ കാര്യം അനുഭാവപൂർവ്വം ഒരിക്കൽ ആലോചിക്കുകയുണ്ടായി. ഈ ഒരു കാര്യത്തിൽ ഇരിങ്ങാലക്കുടക്കാരെപ്പോലെയല്ല ഞങ്ങൾ. ഇരിങ്ങാലക്കുടയിൽനിന്നു തൃശ്ശിവപേരൂർക്കു് 18 നാഴികയുള്ളു. തൃശ്ശിവപേരൂരു് ഒരു കേസ്സുണ്ടെങ്കിൽ പത്തുനാല്പത്താറു നാഴിക ദൂരമുള്ള ചിറവിൽനിന്നു് സാക്ഷികളേയുംകൊണ്ടു് തലേദിവസംതന്നെ പുറപ്പെടണം. വന്നാൽ കേസ്സില്ലെന്നു പിറ്റെദിവസം അറിയുമ്പോഴേക്കും പറയും. മടങ്ങുക. അതിനുതന്നെ പത്തൻപതു് ഉറുപ്പികയോളം ചിലവുവരും. ഇങ്ങിനെ നാലുതവണ നീട്ടിയാൽ സാധുകക്ഷിയുടെ ബുദ്ധിമുട്ടു് എത്രയാണെന്നു ആലോചിക്കണം. മന്ത്രി പറയുകയുണ്ടായി ഈ കാര്യം അനുഭാവപൂർവ്വം ആലോചിക്കാമെന്നു. ഞങ്ങൾക്കു് ബ്രിട്ടീഷ് കൊച്ചിയിലുള്ളതുപോലെ ഒരു സബ്ബ് കോട്ടെങ്കിലും കിട്ടിയാൽമതി. അതുപോലെ ഒന്നെങ്കിലും തരാൻ ആലോചിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

Mr. President: The question is that Government be granted a sum of Rs. 10,766 under 20—Law and Justice—B (2) District Courts.

Demand put and carried

VIII. 39—Income-tax

Mr. P. Govinda Menon *(Prime Minister):* I rise to move for an allotment of Rs. 35,391 under 39 Income-tax.

With the introduction of Agricultural Income-tax from 1st Chingam 1123 it has become necessary for the strengthening of the staff of the Income-tax and Sales-tax Department. The additional staff was sanctioned. In order to meet the cost on account of the Establishment charges of the staff sanctioned it has become necessary that additional allotment under Establishment charges, T.A., Office Expenses, etc. has to be sanctioned. A token grant of Re. 1 was moved and granted for this purpose in the Karkadagam Legislative Council Session. An additional allotment of Rs. 35,391 as detailed below, is necessary.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly